പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.* 605

31.10.2016 ൽ
മറുപടിയ്ക്ക്

## യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ**<br>**ശ്രീമതി. യു. പ്രതിഭ ഹരി**<br>**ശ്രീ. ഡി.കെ. മുരളി**<br>**പ്രൊഫ. കെ.യു. അരുണൻ** | **ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) അവലോകനം ചെയ്യാറുണ്ട്. |
| (ബി) യുവജനങ്ങളുടെ ക്ഷേമം മുൻനിർത്തി അവരെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും യുവജന ങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത കമ്മീഷൻ നടത്തുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും, തൊഴിലവസരങ്ങൾ നേടിയെടുക്കുന്ന തിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക, പൂർണ്ണമായ ശാക്തീ കരണവും മികവും നേടുന്നതിനുവേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക, യുവാക്കൾക്ക് തൊഴിൽ അവസരങ്ങൾ തേടുന്നതിനുള്ള പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണങ്ങൾ ഏറ്റെടുക്കുക, തുടങ്ങിയവയാണ് കമ്മീഷന്റെ പ്രധാന പ്രവർത്തനങ്ങൾ. യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി അവർ സമർപ്പിക്കുന്ന പരാതിയിന്മേലും കമ്മീഷന് നേരിട്ട് ബോദ്ധ്യപ്പെടുന്നതിലും കമ്മീഷൻ റിപ്പോർട്ട് ലഭ്യമാക്കി ഹിയറിംഗ് നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. കമ്മീഷന്റെ ഇടപെടൽ ആവശ്യമായ മേഖലകളിൽ കമ്മീഷൻ നേരിട്ട് ഇടപെട്ട് അവയ്ക്ക് പരിഹാരം കാണുന്നുണ്ട്. |

| | |
|---|---|
| (സി) യുവജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് കമ്മീഷനു ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാ തലത്തിൽ അദാലത്തുകൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) ജില്ലാതലത്തിൽ അദാലത്തുകൾ നടത്തി വരുന്നുണ്ട്. |
| (ഡി) മദ്യം, മയക്കുമരുന്ന്, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധ വത്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കാമോ? | (ഡി) ഇതിനായി കോളേജുകൾ, ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവതീ/യുവാക്കളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും ബോധവത്കരണ പ്രവർത്തനങ്ങളും സെമിനാറുകളും സംഘടിപ്പിച്ചുകൊണ്ട് അവരെ സമൂഹത്തിന്റെ പൊതുധാരയുടെ ഭാഗമാക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. അതുവഴി സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതും കമ്മീഷന്റെ കടമയാണ്. |

സെക്ഷൻ ഓഫീസർ